LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-12 ലെ വാർഷിക ഭരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വനവിസ്തൃതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

1. റിസർവ്വ് വനം : 9176.3016 ച.കി.മീ.
2. റിസർവ്വ് വനമാക്കാൻ ഉദ്ദേശിക്കുന്നത് : 295.3781 ച.കി.മീ.
3. നിക്ഷിപ്തവനവും പരിസ്ഥിതി ദുർബ്ബല പ്രദേശവും : 1837.7957 ചകി.മീ.

ആകെ : 11309.4754 ച.കി.മീ.

2012-13 ലെയും 2013-14 ലെയും വനവിസ്തൃതി സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് വരുന്നതിനാൽ അന്തിമ കണക്കുകൾ പൂർത്തിയായിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വനമേഖലയുടെ സംരക്ഷണത്തിനുള്ള പദ്ധതികൾ

200 (7763) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനമേഖലയുടെ സംരക്ഷണാർത്ഥം ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത മേഖലയ്ക്കായി ഉൾക്കൊള്ളിച്ച തുകയിൽ പുതിയ പദ്ധതികൾക്കായി കരുതിയ തുക എത്രയായിരുന്നു ; ഇതിനകം എന്തുതുക ചെലവഴിച്ചു ;

(സി) പ്രഖ്യാപനം അനുസരിച്ച് എത്ര ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി ; എത്ര മഴ നിഴൽപ്രദേശങ്ങളെ ഹരിതാഭമാക്കുക യുണ്ടായി ;

(ഡി) പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ എവിടെയെല്ലാം സ്ഥാപിച്ചു ; മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിച്ചതെവിടെയാണ് ; എത്ര പേരെ ടൂറിസ്റ്റ് ഗൈഡുകളാക്കുകയുണ്ടായി ;

(ഇ) മേല്പറഞ്ഞ ഏതെങ്കിലും പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) വനമേഖലയുടെ സംരക്ഷണാർത്ഥം ബജറ്റ് വിവരണത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരുന്നു. തുടർ പദ്ധതികൾ നടപ്പിലാക്കിയും വരുന്നു.

(ബി) സംസ്ഥാന പ്ലാൻ സ്കീമുകളിൽ നടപ്പിലാക്കാനുള്ള പുതിയ പദ്ധതികൾക്കായി പ്രത്യേകം തുകകൾ വേർതിരിച്ച് വകയിരുത്തിയിട്ടില്ല. അവ അതാത് ബഡ്ജറ്റ് ശീർഷകത്തിൽ വക കൊള്ളിച്ചിട്ടുള്ള തുകയിൽ നിന്നുമാണ് ചെലവഴിക്കേണ്ടത്. എന്നാൽ ഒറ്റത്തവണ ധനസഹായമായി അഡീഷണൽ സെൻട്രൽ അസിസ്റ്റൻസിൻകീഴിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും അവയ്ക്ക് നേരെ കാണിച്ചിരിക്കുന്ന തുകകൾ വക കൊള്ളിച്ചിട്ടുള്ളതുമാണ്.

		രൂപ ലക്ഷത്തിൽ
1.	സോയിൽ മോയിസ്ചർ കൺസർവേഷൻ ഇൻ സെലക്ടീവ് ഡിസ്ട്രിക്ട് ഓഫ് ഇടുക്കി, പാലക്കാട് & വയനാട്	700.00
2.	മാനേജ്മെന്റ് ഓഫ് പെരിയാർ & പറമ്പിക്കുളം ടൈഗർ റിസർവ്സ്	1000.00
3.	എസ്റ്റാബ്ലിഷിംഗ് ട്രീ ഗ്രോവേർസ് കോ-ഓപ്പറേറ്റീവ്സ്	200.00

പ്രസ്തുത പുതിയ പദ്ധതികൾക്കായി ഇതിനകം തുക ചെലവഴിച്ചിട്ടില്ല.

(സി) പ്രഖ്യാപനം അനുസരിച്ചുള്ള ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനും മഴനിഴൽ പ്രദേശങ്ങളെ ഹരിതാഭമാക്കുന്നതിനുമുള്ള പ്രോജക്ട് പ്രൊപ്പോസലുകൾ വനം വകുപ്പ് തയ്യാറാക്കി വരികയാണ്.

(ഡി) പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും പട്ടികവർഗ്ഗ യുവാക്കളെ ടൂറിസ്റ്റ് ഗൈഡുകളായി നിയോഗിക്കാൻ വേണ്ട പരിശീലനം നൽകുന്നതിനുമുള്ള പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കി വരികയാണ്. മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് വനം വകുപ്പിന്റെ സൗത്ത് വയനാട് ഡിവിഷനിലെ ഇരുളം എന്ന സ്ഥലത്താണ്.

(ഇ) ഇല്ല.

വനം കയ്യേറ്റം

201 (7764) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം കയ്യേറ്റം, കടന്നുകയറ്റം, വേട്ടയാടൽ തുടങ്ങിയവ സംബന്ധിച്ച ധാരാളം പരാതികൾ വനം വകുപ്പിൽ കെട്ടിക്കിടക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ ഓരോ ജില്ലയിലും കെട്ടിക്കിടക്കുന്ന പരാതികളുടെ എണ്ണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പരാതികൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനായി എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly